# 2025-ലെ അന്താരാഷ്ട്ര ചൈനീസ് സ്പീക്കിംഗ് കോൺഫറൻസിനുള്ള ദൂതുകളുടെ രൂപരേഖകൾ

## പൊതുവിഷയം:
## റോമാലേഖനത്തിലെ 5 മുതൽ 8 വരെയുള്ള അധ്യായങ്ങൾ—വേദപുസ്തകത്തിന്റെ അന്തസാരം

ദൂത് നാല്

## പുതിയ ഭർത്താവ്

MC MC Hymns: ML41

തിരുവെഴുത്ത് വായന: റോമ. 7:2-6

റോമ. 7:2 വിവാഹം കഴിച്ച സ്ത്രീ അവളുടെ ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ ന്യായപ്രമാണത്താൽ അവനോട് ബന്ധിക്കപ്പെട്ടിരിക്കുന്നു; എന്നാൽ ഭർത്താവ് മരിച്ചാൽ, അവൾ ഭർത്താവിനെ സംബന്ധിച്ച ന്യായപ്രമാണത്തിൽനിന്ന് മോചിക്കപ്പെടുന്നു.

റോമ. 7:3 അതുകൊണ്ട് ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ, അവൾ വേറൊരു പുരുഷനോട് ചേരുന്നുവെങ്കിൽ, അവൾ വ്യഭിചാരിണി എന്ന് വിളിക്കപ്പെടും; എന്നാൽ ഭർത്താവ് മരിക്കുന്നുവെങ്കിൽ, അവൾ ന്യായപ്രമാണത്തിൽനിന്ന് സ്വതന്ത്രയാകുന്നു, അങ്ങനെ അവൾ മറ്റൊരു പുരുഷനോട് ചേർന്നാൽപ്പോലും, വ്യഭിചാരിണിയല്ല.

റോമ. 7:4 ആകയാൽ, എന്റെ സഹോദരന്മാരേ, നാം ദൈവത്തിന് ഫലം കായ്ക്കേണ്ടതിന്, നിങ്ങൾ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടവനായ മറ്റൊരുവനോട് ചേരുവാൻ തക്കവണ്ണം, ക്രിസ്തുവിന്റെ ശരീരത്തിലൂടെ നിങ്ങളെ ന്യായപ്രമാണത്തിന് മരിപ്പിച്ചിരിക്കുന്നു.

റോമ. 7:5 നാം ജഡത്തിൽ ആയിരുന്നപ്പോൾ, ന്യായപ്രമാണത്തിലൂടെ പ്രവർത്തിച്ച പാപങ്ങൾക്കായുള്ള അഭിനിവേശങ്ങൾ, മരണത്തിന് ഫലം കായ്ക്കുവാൻ നമ്മുടെ അവയവങ്ങളിൽ പ്രവർത്തിച്ചു.

റോമ. 7:6 എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം, ന്യായപ്രമാണത്തിൽനിന്ന് മുക്തരായിരിക്കുന്നു.

## I. ക്രിസ്തു പുതിയ ഭർത്താവാണ്—റോമ. 7:2-6:

റോമ. 7:2 വിവാഹം കഴിച്ച സ്ത്രീ അവളുടെ ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ ന്യായപ്രമാണത്താൽ അവനോട് ബന്ധിക്കപ്പെട്ടിരിക്കുന്നു; എന്നാൽ ഭർത്താവ് മരിച്ചാൽ, അവൾ ഭർത്താവിനെ സംബന്ധിച്ച ന്യായപ്രമാണത്തിൽനിന്ന് മോചിക്കപ്പെടുന്നു.

റോമ. 7:3 അതുകൊണ്ട് ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ, അവൾ വേറൊരു പുരുഷനോട് ചേരുന്നുവെങ്കിൽ, അവൾ വ്യഭിചാരിണി എന്ന് വിളിക്കപ്പെടും; എന്നാൽ ഭർത്താവ് മരിക്കുന്നുവെങ്കിൽ, അവൾ ന്യായപ്രമാണത്തിൽനിന്ന് സ്വതന്ത്രയാകുന്നു, അങ്ങനെ അവൾ മറ്റൊരു പുരുഷനോട് ചേർന്നാൽപ്പോലും, വ്യഭിചാരിണിയല്ല.

റോമ. 7:4 ആകയാൽ, എന്റെ സഹോദരന്മാരേ, നാം ദൈവത്തിന് ഫലം കായ്ക്കേണ്ടതിന്, നിങ്ങൾ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടവനായ മറ്റൊരുവനോട് ചേരുവാൻ തക്കവണ്ണം, ക്രിസ്തുവിന്റെ ശരീരത്തിലൂടെ നിങ്ങളെ ന്യായപ്രമാണത്തിന് മരിപ്പിച്ചിരിക്കുന്നു.

റോമ. 7:5 നാം ജഡത്തിൽ ആയിരുന്നപ്പോൾ, ന്യായപ്രമാണത്തിലൂടെ പ്രവർത്തിച്ച പാപങ്ങൾക്കായുള്ള അഭിനിവേശങ്ങൾ, മരണത്തിന് ഫലം കായ്ക്കുവാൻ നമ്മുടെ അവയവങ്ങളിൽ പ്രവർത്തിച്ചു.

റോമ. 7:6 എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം, ന്യായപ്രമാണത്തിൽനിന്ന് മുക്തരായിരിക്കുന്നു.

A. വീണ്ടുംജനിച്ചവരെന്ന നിലയിൽ, വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും ക്രിസ്തു തങ്ങളുടെ ഭർത്താവായി ഉണ്ടായിരിക്കുകയും അവർ അവന്റെ ഭാര്യയുടെ ഭാഗമായിരിക്കുകയും ചെയ്യുന്നു.

B. എല്ലാ യഥാർഥ ക്രിസ്ത്യാനികൾക്കും ക്രിസ്തു തങ്ങളുടെ ഭർത്താവായിട്ടുണ്ട്, എങ്കിലും പലരും അവനെ ഭർത്താവായി അറിയുന്നില്ല എന്നത് വളരെ ദുഖകരമാണ്.

## II. നമ്മുടെ പഴയ മനുഷ്യൻ, പഴയ ഭർത്താവ്, ക്രൂശിക്കപ്പെട്ടിരിക്കുന്നു:

റോമ. 7:2 വിവാഹം കഴിച്ച സ്ത്രീ അവളുടെ ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ ന്യായപ്രമാണത്താൽ അവനോട് ബന്ധിക്കപ്പെട്ടിരിക്കുന്നു; എന്നാൽ ഭർത്താവ് മരിച്ചാൽ, അവൾ ഭർത്താവിനെ സംബന്ധിച്ച ന്യായപ്രമാണത്തിൽനിന്ന് മോചിക്കപ്പെടുന്നു.

റോമ. 7:3 അതുകൊണ്ട് ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ, അവൾ വേറൊരു പുരുഷനോട് ചേരുന്നുവെങ്കിൽ, അവൾ വ്യഭിചാരിണി എന്ന് വിളിക്കപ്പെടും; എന്നാൽ ഭർത്താവ് മരിക്കുന്നുവെങ്കിൽ, അവൾ ന്യായപ്രമാണത്തിൽനിന്ന് സ്വതന്ത്രയാകുന്നു, അങ്ങനെ അവൾ മറ്റൊരു പുരുഷനോട് ചേർന്നാൽപ്പോലും, വ്യഭിചാരിണിയല്ല.

റോമ. 7:4 ആകയാൽ, എന്റെ സഹോദരന്മാരേ, നാം ദൈവത്തിന് ഫലം കായ്ക്കേണ്ടതിന്, നിങ്ങൾ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടവനായ മറ്റൊരുവനോട് ചേരുവാൻ തക്കവണ്ണം, ക്രിസ്തുവിന്റെ ശരീരത്തിലൂടെ നിങ്ങളെ ന്യായപ്രമാണത്തിന് മരിപ്പിച്ചിരിക്കുന്നു.

A. 2 മുതൽ 4 വരെയുള്ള വാക്യങ്ങൾ രണ്ടു ഭർത്താക്കന്മാരെ കാണിക്കുന്നു:

1. ഒന്നാമത്തെ ഭർത്താവായ പഴയ ഭർത്താവ്, 6:6-ൽ പരാമർശിച്ചിരിക്കുന്ന പഴയ മനുഷ്യനാണ്, അവൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.
2. 7:2-4-ൽ പരാമർശിച്ചിരിക്കുന്ന രണ്ടാമത്തെ ഭർത്താവായ പുതിയ ഭർത്താവ് ക്രിസ്തുവാണ്.

റോമ. 6:6 നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ;

റോമ. 7:2 വിവാഹം കഴിച്ച സ്ത്രീ അവളുടെ ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ ന്യായപ്രമാണത്താൽ അവനോട് ബന്ധിക്കപ്പെട്ടിരിക്കുന്നു; എന്നാൽ ഭർത്താവ് മരിച്ചാൽ, അവൾ ഭർത്താവിനെ സംബന്ധിച്ച ന്യായപ്രമാണത്തിൽനിന്ന് മോചിക്കപ്പെടുന്നു.

റോമ. 7:3 അതുകൊണ്ട് ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ, അവൾ വേറൊരു പുരുഷനോട് ചേരുന്നുവെങ്കിൽ, അവൾ വ്യഭിചാരിണി എന്ന് വിളിക്കപ്പെടും; എന്നാൽ ഭർത്താവ് മരിക്കുന്നുവെങ്കിൽ, അവൾ ന്യായപ്രമാണത്തിൽനിന്ന് സ്വതന്ത്രയാകുന്നു, അങ്ങനെ അവൾ മറ്റൊരു പുരുഷനോട് ചേർന്നാൽപ്പോലും, വ്യഭിചാരിണിയല്ല.

റോമ. 7:4 ആകയാൽ, എന്റെ സഹോദരന്മാരേ, നാം ദൈവത്തിന് ഫലം കായ്ക്കേണ്ടതിന്, നിങ്ങൾ മരിച്ചവരിൽനിന്ന്

ഉയിർപ്പിക്കപ്പെട്ടവനായ മറ്റൊരുവനോട് ചേരുവാൻ തക്കവണ്ണം, ക്രിസ്തുവിന്റെ ശരീരത്തിലൂടെ നിങ്ങളെ ന്യായപ്രമാണത്തിന് മരിപ്പിച്ചിരിക്കുന്നു.

B. നമ്മുടെ പഴയ മനുഷ്യനായ പഴയ ഭർത്താവ് ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടതിനാൽ, നാം അവന്റെ പ്രമാണത്തിൽനിന്ന് സ്വതന്ത്രരാകുകയും, എന്നേക്കും ജീവിക്കുന്നവനായ ക്രിസ്തു എന്ന പുതിയ ഭർത്താവിനോട് ചേരുകയും ചെയ്തു.

C. വിശ്വാസികൾ എന്ന നിലയിൽ നമുക്ക് രണ്ടു പദവികളുണ്ട്:

1. ഒന്നാമത്തേത്, ദൈവത്തെ ആശ്രയിക്കുന്ന ഭാര്യയുടെ ആരംഭസ്ഥാനം ഉപേക്ഷിച്ച്, ദൈവത്തിൽനിന്ന് സ്വതന്ത്രനായി, ഭർത്താവിന്റെയും തലയുടെയും സ്വയ-നിയുക്ത സ്ഥാനം എടുത്ത, വീണുപോയ പഴയ മനുഷ്യൻ എന്ന നമ്മുടെ പഴയ പദവിയാണ്.
2. രണ്ടാമത്തേത്, ദൈവത്തിൽ ആശ്രയിച്ചും അവനെ നമ്മുടെ തലയായി എടുത്തുംകൊണ്ട് ദൈവത്തിന് യഥാർഥ ഭാര്യ എന്ന നിലയിൽ നമ്മുടെ ആരംഭ, യഥാർഥ സ്ഥാനത്തേക്ക് പുനഃസ്ഥാപിക്കപ്പെട്ട വീണ്ടുംജനിച്ച പുതിയ മനുഷ്യൻ എന്ന നമ്മുടെ പുതിയ പദവിയാണ്—യെശ. 54:5; 1 കൊരി. 11:3.

യെശ. 54:5 — നിന്റെ സ്രഷ്ടാവാകുന്നു നിന്റെ ഭർത്താവു; സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം; യിസ്രായേലിന്റെ പരിശുദ്ധനാകുന്നു നിന്റെ വീണ്ടെടുപ്പുകാരൻ; സർവ്വഭൂമിയുടെയും ദൈവം എന്നു അവൻ വിളിക്കപ്പെടുന്നു.

1 കൊരി. 11:3 — എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു എന്നും, സ്ത്രീയുടെ തല പുരുഷൻ എന്നും, ക്രിസ്തുവിന്റെ തല ദൈവം എന്നും നിങ്ങൾ അറിയണം എന്ന് ഞാൻ ഇച്ഛിക്കുന്നു.

3. നാം ക്രൂശിക്കപ്പെട്ടതിനാൽ, പഴയ ഭർത്താവെന്ന പദവി ഇനിമേൽ നമുക്കില്ല.
4. ക്രിസ്തുവിനെ നമ്മുടെ ഭർത്താവായി എടുക്കുന്ന ഒരു ശരിയായ ഭാര്യയുടെ പുതിയ പദവി മാത്രമേ ഇപ്പോൾ നമുക്കുള്ളൂ; നാം ഇനിമേൽ പഴയ മനുഷ്യനനുസൃതമായി ജീവിക്കരുത്, അതായത് പഴയ മനുഷ്യനെ നമ്മുടെ ഭർത്താവായി എടുക്കരുത്.

D. ന്യായപ്രമാണം പഴയ മനുഷ്യനായ പഴയ ഭർത്താവിനു വേണ്ടി ഉദ്ദേശിക്കപ്പെട്ടതും നൽകപ്പെട്ടതും ആയതിനാൽ, പഴയ മനുഷ്യന്റെ മരണം ക്രിസ്തുവിന്റെ ശരീരത്തിലൂടെ നമ്മെയും ന്യായപ്രമാണത്തിന് മരിച്ചവരാക്കി.

**III. മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ മറ്റൊരു ഭർത്താവായ ക്രിസ്തുവിനെ വിവാഹം കഴിക്കേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിന്റെ ശരീരത്തിലൂടെ ന്യായപ്രമാണത്തിന് ക്രൂശിക്കപ്പെട്ടിരിക്കുന്നു—റോമർ 7:4:**

റോമ. 7:4 — ആകയാൽ, എന്റെ സഹോദരന്മാരേ, നാം ദൈവത്തിന് ഫലം കായ്ക്കേണ്ടതിന്, നിങ്ങൾ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടവനായ മറ്റൊരുവനോട് ചേരുവാൻ തക്കവണ്ണം, ക്രിസ്തുവിന്റെ ശരീരത്തിലൂടെ നിങ്ങളെ ന്യായപ്രമാണത്തിന് മരിപ്പിച്ചിരിക്കുന്നു. ...

A. ഈ പറ്റിച്ചേരൽ സൂചിപ്പിക്കുന്നത്, ഒരു ഭാര്യ എന്ന നിലയിലുള്ള നമ്മുടെ പുതിയ പദവിയിൽ, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ വ്യക്തിയിലും, നാമത്തിലും, ജീവനിലും, അസ്തിത്വത്തിലും അവനുമായി നമുക്ക് ഒരു ജൈവിക ഐക്യം ഉണ്ടെന്നാണ്; ഇപ്പോൾ നമ്മുടെ പുതിയ ഭർത്താവായ ക്രിസ്തുവിനോട് നാം വിവാഹിതരായിരിക്കുന്നു—2 കൊരി. 11:2.

2 കൊരി. 11:2 എന്തെന്നാൽ ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ തീക്ഷ്ണതയോടെ തീക്ഷ്ണതയുള്ളവനാകുന്നു; ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമല കന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു.

B. ക്രിസ്തു നമ്മുടെ ഭർത്താവായതിനാൽ, നാം അവനിൽ ആശ്രയിക്കുകയും അവനെ നമ്മുടെ തലയായി എടുക്കുകയും വേണം—എഫെ. 5:23:

എഫെ. 5:23 ക്രിസ്തു താൻതന്നെ ശരീരത്തിന്റെ രക്ഷകനായിരുന്ന്, സഭയുടെ തല ആകുന്നതുപോലെ ഭർത്താവ് ഭാര്യയുടെ തലയാകുന്നു,

1. ക്രിസ്തുവിനെ നമ്മുടെ ഭർത്താവായി എടുക്കുക എന്നതിനർഥം, നാം ആയിരിക്കുന്നതും, നമുക്കുള്ളതും, നാം ചെയ്യുന്നതുമായ സകലത്തെയും അവസാനിപ്പിക്കുകയും, എല്ലാത്തിനും അവനിൽ ആശ്രയിക്കുകയും വേണം എന്നാണ്.
2. ക്രിസ്തുവിനെ നമ്മുടെ ഭർത്താവായി എടുക്കുക എന്നതിനർഥം നാം ക്രിസ്തുവിലേക്ക് വിശ്വസിക്കുന്നു എന്നുകൂടിയാണ്.
3. ഇനിമേൽ നാം നമ്മളാൽത്തന്നെ ജീവിക്കരുത്, ക്രിസ്തുവിനാൽ ജീവിക്കണം; ക്രിസ്തുവിനെ നമുക്കുവേണ്ടി ജീവിക്കുവാൻ നാം അനുവദിക്കണം.
4. ഇനിമേൽ നാം ഭർത്താവല്ല; പഴയ മനുഷ്യനെന്ന നിലയിൽ നാം ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇപ്പോൾ ക്രിസ്തുവാണ് നമ്മുടെ ഭർത്താവ്.

C. ക്രിസ്തു നമ്മുടെ തല മാത്രമല്ല—അവൻ നമ്മുടെ വ്യക്തിയും ജീവനും കൂടിയാണ്—കൊലൊ. 3:4.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

D. ഒരു വ്യക്തി ത്രിയേകദൈവത്തിലേക്ക് വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുമ്പോൾ, അവൻ മറ്റൊരാളുമായി ബന്ധത്തിലേർപ്പെടുന്നു; അതായത്, അവൻ മറ്റൊരു വ്യക്തിയായ ക്രിസ്തുവിനെ വിവാഹം കഴിക്കുന്നു.

**IV. ഒരു ഭാര്യ എന്ന നിലയിൽ, നാം ദൈവത്തിന് ഫലം കായ്ക്കുന്നു—റോമ. 7:4:**

റോമ. 7:4 ആകയാൽ, എന്റെ സഹോദരന്മാരേ, നാം ദൈവത്തിന് ഫലം കായ്ക്കേണ്ടതിന്...

A. നാം പുനരുത്ഥാനത്തിലായിരിക്കുകയും ദൈവത്തിന് ജീവിക്കുകയും ചെയ്യുമ്പോൾ, നാം ദൈവത്തിന് ഫലം കായ്ക്കുന്നു.

B. വീണ്ടുംജനിച്ച വ്യക്തി എന്ന നിലയിൽ, ഭാര്യ എന്ന നിലയിൽ, നാം ദൈവത്തിന് ഫലം കായ്ക്കുന്നു; ഇതിനർഥം നാം ചെയ്യുന്നതെല്ലാം ഇപ്പോൾ ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്.

C. മരണത്തിനും ദൈവത്തിനും ഇടയിലുള്ള വ്യക്തമായ വൈരുദ്ധ്യം ഇവിടെ നമുക്ക് കാണുവാൻ കഴിയും.

D. *ദൈവത്തിന് ഫലം കായ്ക്കുക എന്ന* പ്രയോഗത്തിന്റെ അർഥം ദൈവം ഫലമായി പുറപ്പെടുവിക്കപ്പെടുന്നു എന്നാണ്:

1. അങ്ങനെ, നാം ആയിരിക്കുന്നതും ചെയ്യുന്നതുമെല്ലാം ജീവനുള്ള ദൈവമായിരിക്കണം.
2. ദൈവത്തിന്റെ കവിഞ്ഞൊഴുക്കെന്ന നിലയിൽ നാം ദൈവത്തെ പുറപ്പെടുവിക്കണം; ഈ വിധത്തിൽ ജീവനുള്ള ദൈവം നമ്മുടെ ഫലമായി നമുക്കുണ്ടാകുന്നു, അങ്ങനെ നാം ദൈവത്തിന് ഫലം കായ്ക്കുന്നു.

**V. നമ്മെ പിടിച്ചുവച്ചിരുന്ന ന്യായപ്രമാണത്തിന് നാം മരിച്ചിരിക്കുന്നു, അങ്ങനെ നാം അതിൽനിന്ന് മുക്തരായിരിക്കുന്നു; ഭാര്യയും പുതിയ മനുഷ്യനും എന്ന നിലയിൽ നാം ഇനിമേൽ ന്യായപ്രമാണത്തിൻ കീഴിലല്ല—വാ. 6:**

റോമ. 7:6 എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം, ന്യായപ്രമാണത്തിൽനിന്ന് മുക്തരായിരിക്കുന്നു.

A. ന്യായപ്രമാണം ദൈവത്തെ ചിത്രീകരിക്കുകയും നിർവചിക്കുകയും ചെയ്യുന്നു—ലേവ്യ. 19:2.

ലേവ്യ. 19:2 നീ യിസ്രായേൽമക്കളുടെ സർവ്വസഭയോടും പറയേണ്ടതു എന്തെന്നാൽ: നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ.

B. തൽഫലമായി, അത് വീണുപോയ മനുഷ്യന്റെമേൽ നിരവധി ആവശ്യങ്ങളും ആവശ്യകതകളും വയ്ക്കുന്നു, അങ്ങനെ ചെയ്യുന്നതിലൂടെ, അത് പാപങ്ങളെ തിരിച്ചറിയുകയും പാപത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിലേക്ക് മനുഷ്യനെ നയിക്കുകയും ചെയ്യുന്നു—റോമർ 3:20; 4:15; 5:20.

റോമ. 3:20 ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ മുമ്പാകെ നീതീകരിക്കപ്പെടുകയില്ലല്ലോ; ന്യായപ്രമാണത്തിലൂടെ പാപത്തെക്കുറിച്ച് വ്യക്തമായ അറിവത്രേ ഉള്ളത്.

റോമ. 4:15 ന്യായപ്രമാണം ക്രോധത്തെ ഉളവാക്കുന്നു; എന്നാൽ ന്യായപ്രമാണം ഇല്ലാത്തിടത്ത് ലംഘനവും ഇല്ല.

റോമ. 5:20 അതിക്രമം സമൃദ്ധമാകേണ്ടതിന് ന്യായപ്രമാണം സമാന്തരമായി പ്രവേശിച്ചു; എന്നാൽ പാപം പെരുകിയ ഇടത്ത് കൃപ അത്യന്തം സമൃദ്ധമായി.

C. ഈ വിധത്തിൽ മനുഷ്യൻ ന്യായപ്രമാണത്താൽ തുറന്നുകാട്ടപ്പെടുകയും കീഴ്പ്പെടുത്തപ്പെടുകയും ചെയ്യുന്നു—3:19.

റോമ. 3:19 സകല വായും നിശബ്ദമാക്കപ്പെടുകയും സർവലോകവും ദൈവത്തിന്റെ ന്യായവിധിയിൻകീഴിൽ വരുകയും ചെയ്യേണ്ടതിന്, ന്യായപ്രമാണം പറയുന്ന കാര്യങ്ങളെല്ലാം, ന്യായപ്രമാണത്തിന് കീഴിലുള്ളവരോട് പറയുന്നു എന്ന് ഇപ്പോൾ നാം അറിയുന്നു;

**VI. ഭാര്യയെന്ന നിലയിൽ, നാം അക്ഷരത്തിന്റെ പഴക്കത്തിലല്ല, ആത്മാവിന്റെ പുതുക്കത്തിലാണ് കർത്താവിനെ സേവിക്കേണ്ടത്—7:6:**

റോമ. 7:6 എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം, ന്യായപ്രമാണത്തിൽനിന്ന് മുക്തരായിരിക്കുന്നു.

A. 6:4-ൽ നമ്മുടെ ജീവിതത്തിനായുള്ള ജീവന്റെ പുതുക്കം നമുക്കുണ്ട്, 7:6-ൽ നമ്മുടെ സേവനത്തിനായുള്ള ആത്മാവിന്റെ പുതുക്കം നമുക്കുണ്ട്:

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

റോമ. 7:6 എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം,

ന്യായപ്രമാണത്തിൽനിന്ന് മുക്തരായിരിക്കുന്നു.

1. ജീവന്റെ പുതുക്കം ക്രിസ്തുവിന്റെ പുനരുത്ഥാനത്തോട് നാം ഏകീഭവിക്കുന്നതിൽനിന്ന് പുറപ്പെടുന്നു, അത് നമ്മുടെ ദൈനംദിന ജീവിതത്തിനുള്ള നടപ്പിനു വേണ്ടിയാണ്.
2. ന്യായപ്രമാണത്തിൽനിന്ന് നാം മുക്തരാക്കപ്പെടുകയും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനോട് പറ്റിച്ചേരുകയും ചെയ്യുന്നതിൽനിന്ന് ആത്മാവിന്റെ പുതുക്കം പുറപ്പെടുന്നു, അത് ദൈവത്തോടുള്ള നമ്മുടെ സേവനത്തിനു വേണ്ടിയാണ്.
3. ആത്മാവിന്റെ പുതുക്കവും ജീവന്റെ പുതുക്കവും പഴയ മനുഷ്യന്റെ ക്രൂശീകരണത്തിന്റെ ഫലങ്ങളാണ്.

B. ജീവന്റെ പുതുക്കവും ആത്മാവിന്റെ പുതുക്കവും ആത്മാവിനോട് ബന്ധപ്പെട്ടിരിക്കുന്നു:

1. ജീവന്റെ പുതുക്കം, ജീവൻ നൽകുന്ന ആത്മാവായ, പുനരുത്ഥാനത്തിലുള്ള ക്രിസ്തുവിനോട് ബന്ധപ്പെട്ടിരിക്കുന്നു—1 കൊരി. 15:45.

   1 കൊരി. 15:45 ...ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു..

2. *ആത്മാവിന്റെ പുതുക്കം* എന്ന പദപ്രയോഗത്തിലെ ആത്മാവ്, കർത്താവ് ആത്മാവായി വസിക്കുന്ന നമ്മുടെ വീണ്ടുംജനിച്ച മനുഷ്യാത്മാവിനെ സൂചിപ്പിക്കുന്നു—2 തിമൊ. 4:22:

   2 തിമൊ. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

   a. ദൈവം നമ്മുടെ ആത്മാവിനെ പുതുക്കിയതിനാൽ നമുക്ക് ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കാം.
   b. നമ്മുടെ വീണ്ടുംജനിച്ച ആത്മാവുമായി ബന്ധപ്പെട്ടതെല്ലാം പുതിയതാണ്.
   c. നമ്മുടെ വീണ്ടുംജനിച്ച ആത്മാവാണ് പുതുമയുടെ ഉറവിടം, കാരണം കർത്താവും, ദൈവത്തിന്റെ ജീവനും, പരിശുദ്ധാത്മാവും അവിടെയുണ്ട്.
   d. നമ്മുടെ വീണ്ടുംജനിച്ച ആത്മാവിലുള്ളതെല്ലാം പുതിയതാണ്; നമ്മുടെ വീണ്ടുംജനിച്ച ആത്മാവിൽ പുതുമയല്ലാതെ മറ്റൊന്നുമില്ല.

C. പുതുമനുഷ്യനെന്ന നിലയിൽ, നാം പഴയ മനുഷ്യന്റെ ന്യായപ്രമാണത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെട്ടുവെന്നും, നാം ദൈവത്തിന് ഫലം കായ്ക്കുകയും ആത്മാവിന്റെ പുതുക്കത്തിൽ കർത്താവിനെ സേവിക്കുകയും ചെയ്യേണ്ടതിന്, നമ്മുടെ പുതിയ ഭർത്താവായ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ വിവാഹം കഴിച്ചുവെന്നും നാം തിരിച്ചറിയേണ്ടതുണ്ട്.